# പത്രക്കുറിപ്പ് (14.10.2016)

## തൃശ്ശൂർ ജില്ലാ പോലീസ് കായിക മേളയ്ക്ക് തുടക്കമായി

45-ാമത് തൃശ്ശൂർ ജില്ലാ പോലീസ് കായിക മേള 2016 ഒക്ടോബർ 15, 16 തിയ്യതികളിലായി തൃശ്ശൂർ ജില്ലാ സായുധസേന പരേഡ് ഗ്രൗണ്ടിൽ വെച്ച് നടത്തുന്നു. തൃശ്ശൂർ ജില്ല പോലീസിന് കീഴിൽ വരുന്ന തൃശ്ശൂർ, ഗുരുവായൂർ, കുന്നംകുളം, ഇരിങ്ങാലകുട, ചാലക്കുടി എന്നി സബ്ബ് ഡിവിഷനുകളിലെയും, തൃശ്ശൂർ ജില്ലാ സായുധസേനയിലെയും പോലീസ് ഉദ്യോഗസ്ഥൻമാരും, തൃശ്ശൂർ സിറ്റി, റൂറൽ ജില്ലാ പോലീസ് ഓഫീസിലെ മിനിസ്റ്റീരിയൽ ജീവനക്കാരും ഉൾപ്പടെ മുന്നൂറോളം കായിക താരങ്ങളാണ് രണ്ട് ദിവസത്തെ കായികമേളയിൽ മത്സരിക്കുന്നത്. കായിക മേളയുടെ ഉദ്ഘാടന ചടങ്ങ് തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീമതി അജിതാ ജയരാജൻ നാളെ (15-10-2016) രാവിലെ 9.30 മണിക്ക് നിർവ്വഹിക്കുന്നതും, 16-10-2016 തിയ്യതി വൈകീട്ട് 5.30 മണിക്ക് നടത്തുന്ന സമാപന ചടങ്ങിൽ തൃശ്ശൂർ റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. എം.ആർ അജിത് കുമാർ IPS മുഖ്യാതിഥ്യം വഹിക്കുന്നതുമാണ്. സമാപന ചടങ്ങുകളോടനുബന്ധിച്ച് ഗാനമേളയും, നൃത്തനൃത്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. രണ്ട് ദിവസമായി നടത്തുന്ന കായിക മേളയുടെ നടത്തിപ്പിനായി തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ആർ. നിശാന്തിനി IPS മുഖ്യരക്ഷാധികാരിയായും, തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവി ശ്രീ. ജെ. ഹിമേന്ദ്രനാഥ് IPS ചെയർമാനായും, ജില്ലാ സായുധസേന ഡെപ്യൂട്ടി കമാണ്ടൻറ് ശ്രീ. കെ. അനിയൻ ജനറൽ കൺവീനറായും സംഘാടക സമിതി രൂപികരിച്ചിട്ടുള്ളതാണ്. .

Sd/-

ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി.